# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.265/PR/PIC/PHQ/14                                                    Date : 19.08.2014

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലെ അധ്യാപിക വൃക്കദാനം നൽകി മാതൃകയാകുന്നു

വൃക്ക രോഗം ബാധിച്ച് അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന നിർധന യുവതിക്ക് സ്റ്റുഡന്റ് കേഡറ്റ് പദ്ധതിയിലെ അധ്യാപിക വൃക്ക ദാനം നൽകി മാതൃകയാകുന്നു. കോട്ടയം പാറമ്പുഴ ഹോളി ഫാമിലി ഹൈസ്കൂൾ അധ്യാപികയായ മിനി എം.മാത്യുവാണ് സ്വന്തം വൃക്ക പകുത്തുനൽകാൻ തയ്യാറായിരിക്കുന്നത്.

കൊട്ടാരക്കര കുന്നുംപുറത്ത് ചരുവിളപുത്തൻവീട്ടിൽ നിർധന കുടുംബത്തിലെ രമ്യ.കെ.വിക്കാണ് അധ്യാപിക വൃക്കദാനം നൽകുന്നത്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആഗസ്റ്റ് 25ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ നടക്കും. സ്റ്റുഡന്റ് പോലീസ് കേഡറ്റായിരുന്ന ജോയിസി എന്ന വിദ്യാർത്ഥിയുടെ കാൽ കാൻസർ ബാധിച്ച് മുറിച്ചുമാറ്റിയപ്പോൾ സ്വന്തം ചെലവിൽ ഈ അധ്യാപിക വീൽ ചെയർ വാങ്ങി നൽകിയിരുന്നു.

ഇവരുടെ ജീവകാരുണ്യ പ്രവർത്തനം മുൻനിർത്തി ഇന്ന് ഉച്ചയ്ക്ക് രണ്ടര മണിക്ക് കാർമൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന എസ്.പി.സിയുടെ അക്കാഡമിക് എക്സലൻസ് അവാർഡ്ദാന ചടങ്ങിൽ വച്ച് ഇവരെ ആദരിക്കുമെന്ന് എസ്.പി.സി നോഡൽ ഓഫീസർ ഡി.ഐ.ജി പി.വിജയൻ അറിയിച്ചു.

കഴിഞ്ഞ അക്കാദമിക് വർഷത്തിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ 355 സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾക്ക് സമ്മാനം നൽകും. കഴിഞ്ഞ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ ഹൈജംപിൽ രണ്ടാം സ്ഥാനം നേടുകയും കോഴിക്കോട് സായ്-ലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് പോലീസ് കേഡറ്റായ ബാസിൽ മുഹമ്മദിനും പാരിതോഷികം നൽകും.

അവാർഡ്ദാന ചടങ്ങ് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. ആരോഗ്യവകുപ്പ് മന്ത്രി വി.എസ്.ശിവകുമാർ അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി അബ്ദുൾ റബ്ബ് അവാർഡുകൾ വിതരണം ചെയ്യും. ചടങ്ങിൽ മേയർ കെ.ചന്ദ്രിക, ഡി.ജി.പി കെ.എസ്.ബാലസുബ്രഹ്മണ്യൻ, വിദ്യാഭ്യാസ സെക്രട്ടറി എ.ഷാജഹാൻ, എ.ഡി.ജി.പിമാരായ ലോക്നാഥ് ബെഹ്റ, ആർ.ശ്രീലേഖ, സിറ്റി പോലീസ് കമ്മീഷണർ എച്ച്.വെങ്കിടേഷ്, സീമാറ്റ് ഡയറക്ടർ ഡോ.ഇ.വൽസലകുമാർ, കാർമൽ സ്കൂൾ പ്രിൻസിപ്പൽ റവ.സിസ്റ്റർ ഹെൽമ എന്നിവർ പങ്കെടുക്കും.

****************

The contents of this document may be deemed to be based on received information which is subject to further verification